പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4593

21.03.2018 ൽ മറുപടിയ്ക്ക്

## അവശ്യസാധനങ്ങളുടെ വിലസ്ഥിരത ഉറപ്പുവരുത്താൻ സപ്ലൈകോ സ്വീകരിച്ച നടപടികൾ

**ചോദ്യം**

ശ്രീ.ജെയിംസ് മാത്യു
ശ്രീമതി യു. പ്രതിഭ ഹരി
ശ്രീ.പി.ടി.എ. റഹീം
ശ്രീ.എസ്.രാജേന്ദ്രൻ

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വിലസ്ഥിരത ഉറപ്പു വരുത്തുന്നതിനായി കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(എ) സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. സപ്ലൈകോ യുടെ സ്വന്തം 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റു ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി ഉൽപ്പന്നങ്ങൾ എന്നിവയും പൊതുവിപണിയിലേതിനേക്കാൾ വില ക്കുറവിൽ വില്പന നടത്തുന്നു. പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ഉത്പാദന കേന്ദ്രങ്ങളിൽ നിന്ന് അരി സംഭരിച്ച് സബ്സിഡി നിരക്കിൽ വില്പന നടത്തുകയും ചെയ്യുന്നുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ സീസണുകളിൽ പ്രത്യേക ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നു.

(ബി) സപ്ലൈകോയുടെ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സബ്സിഡി സാധനങ്ങളുടെ വില്പന, പൊതുവിപണിയിലേതിനേക്കാൾ ഗണ്യമായ വിലക്കുറവിൽ ഫ്രീ സെയിൽ ഉൽപ്പന്നങ്ങൾ, 'ശബരി' ബ്രാൻഡ് ഉൽപ്പന്നങ്ങൾ, ഇതര ബ്രാൻഡ് കമ്പനികളുടെ എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾ എന്നിവയുടെ വില്പന. ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ സീസണുകളിൽ പ്രത്യേക ചന്തകൾ പ്രവർത്തിപ്പിക്കുക, കുറഞ്ഞ

വിലയിൽ മരുന്നുകൾ ലഭ്യമാക്കുന്ന മാവേലി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിപ്പിക്കുക, പെട്രോളിയം ഉൽപ്പന്നങ്ങളുടെയും എൽ. പി. ജി. യുടെയും വില്പന കേന്ദ്രങ്ങൾ നടത്തുക, ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്ന നോഡൽ ഏജൻസിയായി പ്രവർത്തിക്കുക, കർഷകരിൽ നിന്ന് നെല്ല് സംഭരിച്ച് സംസ്കരിച്ച് പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുക തുടങ്ങിയവയാണ് സപ്ലൈകോയുടെ പ്രധാന പ്രവർത്തനങ്ങൾ.

| | |
|---|---|
| (സി) അവശ്യസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് സപ്ലൈകോയുടെ കൂടുതൽ ചില്ലറ വില്പനശാലകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) സപ്ലൈകോ വില്പനശാലകൾ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകൾക്ക് മുൻഗണന നൽകി സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) ഉത്സവ സീസണുകളിൽ പ്രത്യേക വില്പനശാലകൾ കൂടുതൽ ആരംഭിക്കുന്നതിനും സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിലൂടെ കൂടുതൽ ജീവൻരക്ഷാ മരുന്നുകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) ഉത്സവ സീസണുകളിൽ നിലവിലുള്ള വില്പനശാലകൾക്ക് പുറമെ പ്രത്യേക ഉത്സവ ചന്തകൾ പ്രവ്വർത്തിപ്പിക്കുന്ന രീതി വർഷങ്ങളായി തുടർന്നു വരുന്നു. ജീവൻ രക്ഷാ മരുന്നുകൾ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ വഴി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ